# ഗവ.യു. പി. എസ്. നിലമേൽ
## ചടയമംഗലം ഉപജില്ല
## കൊല്ലം




# അക്കാദമിക് മാസ്റ്റർപ്ലാൻ
## 2025-26 .

Scanned with OKEN Scanner

# ആമുഖം

നിലമേൽ ഗവ: യു.പി. എസിനെ എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതാണ് സമഗ്ര വിദ്യാലയ വികസന രേഖ. കഴിഞ്ഞ കുറെ വർഷങ്ങളായി നാം പൊതുവിദ്യാഭ്യാസ രംഗത്ത് ഉണ്ടാക്കിയ അക്കാദമികവും, ഭൗതികവും സാങ്കേതികവുമായ നേട്ടങ്ങളെ നിലനിർത്തി ഭാവിയുടെ സാംസ്കാരിക കേന്ദ്രങ്ങളായി നമ്മുടെ വിദ്യാലയത്തെയും മാറ്റിയെടുക്കുന്നതിന് നമുക്ക് ഈ യജ്ഞത്തിൽ പങ്കാളിയാകേണ്ടതുണ്ട്.

നമ്മുടെ സ്കൂളിന്റെ നിലവിലുള്ള സ്ഥിതിഗതികൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആധുനികമായ വെല്ലുവിളികൾ നേരിടുന്നതിനും നാം ഓരോരുത്തരും ഇതിൽ കൈകോർക്കേണ്ടതുണ്ട്. വരും തലമുറയ്ക്ക് നാം നൽകുന്ന ഏറ്റവും വലിയ സംഭാവനയായി ഈ പ്രവർത്തനങ്ങൾ മാറേണ്ടതുണ്ട്.

വിദ്യാലയത്തിന്റെ വിദ്യാർത്ഥികളുടെ സമസ്ത മേഖലയെയും സ്പർശിച്ചുകൊണ്ടുള്ള സംരംഭങ്ങളുമാണ് ലക്ഷ്യമിടുന്നത്. വിഷയാടിസ്ഥാനത്തിലുള്ള മികവ്, മാനവികത, അവസര തുല്യത, പങ്കാളിത്തം എന്നിവയെല്ലാം ഉറപ്പുവരുത്തി എല്ലാ വിഭാഗം വിദ്യാർത്ഥികളെയും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെയും പരിഗണിച്ച് വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് നമുക്ക് കഴിയേണ്ടതുണ്ട്.

സമൂഹത്തിന്റെ നാനാതലങ്ങളിൽ നിന്നും എല്ലാ വിധ പിന്തുണകളും, സഹകരണങ്ങളും സ്വീകരിച്ച് കൊണ്ട് നിലമേൽ ഗ്രാമപഞ്ചായത്തിലെ നമ്മുടെ വിദ്യാലയത്തെ, നിലമേൽ ഗവ: യു. പി. എസി. നെ അന്താരാഷ്ട്ര നിലവാരമുള്ള മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് നമുക്ക് ഒരുമയോടെ കൈകോർക്കാം.

Scanned with OKEN Scanner

## ലക്ഷ്യങ്ങൾ

* എല്ലാവർക്കും എഴുത്തും വായനയും
* മാതൃഭാഷാനിലവാരം ഉയർത്തൽ
* പഠനനേട്ടങ്ങൾ കൈവരിക്കുന്നത് കേവലം പരീക്ഷാ-വിജയങ്ങളിലൊതുങ്ങാതെ ഭാവിയിൽ കുട്ടിയെ അവർക്കിഷ്ടമുള്ള മേഖലകളിലേക്ക് നയിക്കാനുതകുന്ന തരത്തിലുള്ള നൈപുണി വികസനം.
* അമ്മ വായനയിലൂടെ കുട്ടിയുടെ വായന, അറിവ് എന്നിവ വളർത്തുക.
* ഭാഷയുടെ വികസനം, സാമൂഹിക ഉന്നതി.
* സാഹിത്യവായന മെച്ചപ്പെടുത്തൽ
* വായനയെ പ്രോത്സാഹിപ്പിക്കൽ
* സർഗ്ഗാത്മക രചനയിൽ ഏർപ്പെടുന്ന സാഹചര്യം രൂപപ്പെടുത്തൽ.
* English-ൽ language skills എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പാക്കൽ
* ഇംഗ്ലീഷ് ഭാഷാപഠനത്തിൽ സവിശേഷ വൈദഗ്ദ്ധ്യമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിലെത്തിക്കൽ
* തെറ്റുകൂടാതെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനും കേട്ട് മനസ്സിലാക്കുവാനുമുള്ള കഴിവ് വികസിപ്പിക്കുക.
* മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക.
* മാധ്യമങ്ങളെ അടുത്തറിയൽ
* സാഹിത്യശാഖകൾ പരിചയപ്പെടൽ
* സംഘപഠനം - സഹവാസക്യാമ്പുകളിലൂടെ
* കുട്ടികളുടെ രചനകൾ പൊതുസമൂഹവുമായി പങ്കുവയ്ക്കൽ
* വായനാസാമഗ്രികളുടെ നിർമ്മാണം, ശേഖരണം.
* കുട്ടികളുടെ ആവിഷ്കാര സ്വാതന്ത്ര്യത്തിനായി ബാലസഭകളെ മാറ്റൽ.

Scanned with OKEN Scanner

- ★ ഭിന്നശേഷിക്കാരെ എഴുത്തും വായനയിലേക്കും നയിക്കൽ
- ★ ഹിന്ദി, അറബിക് എന്നീ ഭാഷകളിൽ കുട്ടികൾ അടിസ്ഥാനശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തൽ.
- ★ നിത്യജീവിതത്തെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ പ്രാപ്തനാക്കുക.
- ★ കുട്ടിക്ക് നേരിടുന്ന പ്രശ്നത്തെ/സന്ദർഭത്തെ ശാസ്ത്രീയമായി പരിഹരിക്കുക.
- ★ പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക.
- ★ പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.
- ★ കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക.
- ★ വ്യക്തിശുചിത്വം, സാമൂഹിക ശുചിത്വം ഇവ പാലിക്കുക.
- ★ ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക.
- ★ ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക.
- ★ ICT സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക.
- ★ കുട്ടിശാസ്ത്രജ്ഞരെ സൃഷ്ടിക്കുക.
- ★ എല്ലാ കുട്ടികളിലും ഗണിതത്തിൽ അടിസ്ഥാനശേഷി വികസിപ്പിക്കുക.
- ★ ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ കുട്ടികളെ വളർത്തൽ.
- ★ ദൃശ്യഗണിതത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുക.
- ★ ഭൂപടങ്ങൾ, ചിത്രങ്ങൾ, ദേശീയ ചിഹ്നങ്ങൾ, പ്രതിമകൾ എന്നിവയെക്കുറിച്ച് കൂടുതൽ അറിയൽ.
- ★ ഇന്റർനെറ്റ് കൈകാര്യം ചെയ്യാനുള്ള കഴിവ്, ബ്ലോഗുകളുടെ നിർമ്മാണം.
- ★ ഡിജിറ്റൽ ലൈബ്രറികൾ സ്ഥാപിക്കൽ
- ★ ശാസ്ത്രപ്രതിഭകളെ ആദരിക്കൽ
- ★ പ്രകൃതിസ്നേഹം വളർത്തൽ
- ★ ദേശീയ-അന്തർദേശീയ മത്സരപരീക്ഷകളിൽ പങ്കെടുക്കുവാനും അഭിമുഖങ്ങളെ സമചിത്തതയോടെ നേരിടാനും കുട്ടികളെ സജ്ജമാക്കുക

# വിദ്യാലയ ലഘുചരിത്രം

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നിലമേൽ പ്രദേശത്ത് ലൂഥർ മിഷൻ സ്ഥാപിച്ച നാട്ടുകാർ സായിപ്പിന്റെ സ്കൂൾ എന്ന് വിളിക്കുന്ന LMUPS മാത്രമാണ് ഉണ്ടായിരുന്നത്. ബ്രിട്ടീഷുകാർ മിഷനറി പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിച്ച പ്രസ്തുത സ്കൂൾ സമൂഹത്തിലെ പിന്നാക്കക്കാർക്ക് അപ്രാപ്യമായിരുന്നു. വരേണ്യവർഗത്തിന്റെ മാത്രം അവകാശമല്ല വിദ്യാഭ്യാസം എന്ന് തിരിച്ചറിഞ്ഞ ചില മഹാന്മാർ പുതിയൊരു വിദ്യാലയം സ്ഥാപിക്കാൻ മുന്നിട്ടിറങ്ങി. 1950 ൽ തുടങ്ങിയ നിരന്തര പ്രയത്നങ്ങൾക്കൊടുവിൽ 1952 ജൂണിൽ നിലമേൽ LP സ്കൂൾ പ്രവർത്തനം ആരംഭിച്ചു. നിലമേൽ ജംഗ്ഷനിലെ ഒരു കടയുടെ മുകളിലെ ഹാളിലായിരുന്നു ആദ്യ സ്കൂൾ.

ചടയമംഗലം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. രാമനുണ്ണിത്താൻ തന്റെ സ്ഥലം സ്കൂളിന് കെട്ടിടം വെയ്ക്കാൻ എഴുതി കൊടുത്തു. പഞ്ചായത്ത് ഫണ്ടിൽ നിന്ന് 5000 രൂപ അടച്ച് കെട്ടിടത്തിനപേക്ഷിച്ചു. 1955ൽ സ്കൂളിന് ഒരു കെട്ടിടമായി. 1960 ൽ ശ്രീ. അബ്ദുള്ള മജീദ് ഉൾപ്പെടെയുള്ളവരുടെ ശ്രമഫലമായി പട്ടം താണുപിള്ള ഗവൺമെന്റ് സ്കൂളിനെ അപ്ഗ്രേഡ് ചെയ്തു.

സ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്റർ ശ്രീ.

Scanned with OKEN Scanner

ഷാഹുൽഹമീദ് സാറായിരുന്നു. രാഘവൻ നമ്പ്യാർ ആദ്യ PTA പ്രസിഡണ്ടും. തുടർന്ന് സ്കൂൾ അതിന്റെ വളർച്ചയുടെ പടവുകൾ കയറുകയായിരുന്നു. ഇന്ന് ചടയമംഗലം ഉപജില്ലയിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിലൊന്നായി മാറാൻ നിലമേൽ ഗവ. യു.പി. എസിന് കഴിഞ്ഞിട്ടുണ്ട്. നിലമേൽ പഞ്ചായത്തിലെ ഏക സർക്കാർ UP സ്കൂൾ കൂടിയാണിത്. പ്രീപ്രൈമറി മുതൽ 7-ാം സ്റ്റാൻഡേർഡ്വരെ 700 ഓളം കുട്ടികൾ പഠിക്കുന്നു. മാതൃകാപരമായ പ്രവർത്തനങ്ങൾ, സ്കൗട്ട് & ഗൈഡ്, JRC പോലുള്ള സന്നദ്ധ പ്രവർത്തനങ്ങൾ, UP വിഭാഗത്തിലെ Band troup, സീഡ് പദ്ധതി, വിദ്യാരംഗം കലാസാഹിത്യവേദി, എന്നിങ്ങനെ പഠനത്തിന് പ്രോത്സാഹനം നൽകുന്നവയും 'മറ്റ് പാഠ്യേതരപ്രവർത്തനങ്ങളും ദേശീയ-അന്തർദേശീയ മത്സരപരീക്ഷകളിലും അഭിമുഖങ്ങളിലും ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കാൻ 'ഉയരെ' പദ്ധതി, എന്നിങ്ങനെ പാഠ്യ-പാഠ്യേതരപ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുന്ന വ്യത്യസ്തങ്ങളായ വേദികൾ സ്കൂളിനുണ്ട്. നാടിന്റെ അഭിമാനമായി മാറാൻ നിലമേൽ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

Scanned with OKEN Scanner

# വിദ്യാലയം - മികവിന്റെ കേന്ദ്രം

വിദ്യയിലൂടെ പ്രബുദ്ധരാകുക - എന്ന വചനത്തെ അടിസ്ഥാനമാക്കി ഓരോ വിദ്യാലയവും മാറ്റത്തിന്റെ കൈയൊപ്പായി മുദ്രകളി മുന്നേറുകയാണ്. അത്തരം ഒരു പരിണാമത്തിലേക്ക് ദ്രുതവേഗം കുതിച്ചു കൊണ്ടിരിക്കുകയാണ് നിലമേൽ ഗവ: യു.പി.എസ്. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആകുമ്പോൾ ശുചിത്വപൂർണവും, ശിശു സൗഹാർദ്ദപരവും ചലനാത്മകവുമായ പഠനാന്തരീക്ഷം ഒരുക്കുക എന്നതാണ് ഓരോ വിദ്യാലയത്തിന്റെയും ലക്ഷ്യം.

നാടിന്റെ സുന്ദരമായ വിദ്യാലയങ്ങളെ കുട്ടികളുടെ സർവ്വതോന്മുഖമായ വികസനത്തിന് പര്യാപ്തമായ രീതിയിൽ വളർത്തിയെടുക്കേണ്ടത് നമ്മുടെ കർത്തവ്യമാണെന്ന് പൊതുപ്രവർത്തകരും നാട്ടുകാരും തിരിച്ചറിഞ്ഞു കഴിഞ്ഞു.

കുട്ടികളുടെ സമഗ്രവികസനത്തിന് ഉതകുന്ന പഠനാന്തരീക്ഷം, ഭൗതിക സാഹചര്യം എന്നിവ പ്രദാനം ചെയ്യുന്നതോടൊപ്പം അക്കാദമിക പ്രവർത്തനങ്ങളുടെ കൃത്യമായ മോണിറ്ററിംഗ്, പാഠ്യപദ്ധതിയിലെ പുതിയ തന്ത്രങ്ങൾ, ആംഗലേയ ഭാഷാമികവ്, സെമിനാറുകൾ, പ്രദർശനങ്ങൾ, ക്ലബ്ബുകൾ, IED പ്രത്യേക പരിശീലനം, Scout & Guides, ജൂനിയർ റെഡ് ക്രോസ്, ലഹരിവിരുദ്ധ ക്ലബ്ബുകൾ, കുട്ടികൾക്കും രക്ഷിതാക്കൾക്കുമുള്ള ബോധവത്കരണ ക്ലാസ്സുകൾ, ഗുണമേന്മയുള്ളതും ശുചിത്വ സമ്പൂർണ്ണമായതുമായ ഉച്ചഭക്ഷണം, സുരക്ഷിതമായ സ്കൂൾ വാഹനങ്ങൾ, ക്ലാസ്സ് ലൈബ്രറികൾ, സ്മാർട്ട് ക്ലാസ്സ് റൂം, പബ്ലിക് അഡ്രസിംഗ് സംവിധാനം എന്നിവ നമ്മുടെ വിദ്യാലയത്തിന്റെ മികവിന് മകുടോദാഹരണങ്ങളാണ്.

പ്രാദേശിക വിഭവങ്ങൾ കണ്ടെത്തുക, ഉപയോഗപ്പെടുത്തൽ കുട്ടികളുടെ വികസനത്തിനായി

ഉപയോഗിക്കൽ എന്നിവയും ഗ്രീൻ പ്രോട്ടോകോളുകൾ, വിവിധ തരം തോട്ടങ്ങൾ, തണൽമരങ്ങൾ വച്ചുപിടിപ്പിക്കൽ, വിവരസാങ്കേതിക വിദ്യ, മെച്ചപ്പെട്ട കായിക വിദ്യാഭ്യാസം, കളി സ്ഥലം, കുട്ടികളുടെ പഠനത്തിന് പര്യാപ്തമായ പഠന ക്ലാസ്സ് മുറികൾ, വിവിധ ഏജൻസികളുടെ അക്കാദമിക പിന്തുണ എന്നിവയിലൂടെ വിദ്യാലയത്തിന്റെ, അക്കാദമികവും ഭൗതികവുമായ വികസനമാണ് നാം ലക്ഷ്യമിടുന്നത്.

നൂതനമായ ആശയങ്ങൾ, അറിവുകൾ, ശാസ്ത്ര ലോകത്തെ അനുഭവങ്ങൾ, പുതിയ ലോകം, പുതിയ കാഴ്ച എന്നിവ വിരൽത്തുമ്പിലെത്തിക്കാൻ വിവര-സാങ്കേതിക വിദ്യയുടെ ഉപയോഗം, കരാട്ടെ പോലുള്ള പരിശീലനങ്ങളിലൂടെ കായിക വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക, ആരോഗ്യപൂർണമായ പുതിയ കായിക കേളികൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, തിയേറ്റർ സൗകര്യം, കൗൺസിലിംഗ് ക്ലാസ്സുകൾ, സ്കൂൾ പത്രം, സ്കൂൾ കലണ്ടർ എന്നിവ തയ്യാറാക്കൽ എന്നിവയിലൂടെ കുട്ടികളുടെ സർഗ്ഗവാസനയെ പ്രോത്സാഹിപ്പിക്കാനവസരം.

വിദ്യയെ നാടിന് വേണ്ടി, പൊതുസമൂഹത്തിന്റെ ഉന്നതിക്ക് വേണ്ടി ഉപയോഗിക്കുവാൻ വിദ്യാലയം പങ്കെടുക്കുന്ന ഓരോ പ്രവർത്തനവും കുട്ടിയുടെ സമഗ്ര മേഖലയുടെയും വികസനത്തിന് അനുയോജ്യമായ വിധത്തിൽ പ്രാവർത്തികമാക്കാൻ ഒരു കൂട്ടായ്മയിലൂടെ നാം ഒരുമയോടെ മുന്നേറും.

Scanned with OKEN Scanner

## പദ്ധതി രൂപീകരണ പ്രക്രിയ

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ടുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരണം 2025-26 യാഥാർത്ഥ്യമാക്കാനുള്ള മൂന്നു ഘട്ടങ്ങളുണ്ട് ഇന്ന് നാം അതിന്റെ അവസാന ഘട്ടത്തിലെത്തി നിൽക്കുകയാണ്. ഒന്നും രണ്ടും ഘട്ട മാസ്റ്റർ പ്ലാൻ വിലയിരുത്തിയ വിവരങ്ങളും അധ്യാപക പരിശീലന ക്ലാസ്സുകളിൽ നിന്നും മറ്റും ലഭിച്ച വിവരങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ട് HM ന്റെ നേതൃത്വത്തിൽ Staff Council ചേരുകയും പദ്ധതി രൂപീകരണം എങ്ങനെയാകണമെന്ന് ചർച്ച ചെയ്യുകയും തുടർന്നുള്ള SRG മീറ്റിംഗിൽ പ്രതിപാദ്യ വിഷയങ്ങൾ തീരുമാനിക്കുകയും അവയെ ഹ്രസ്വം, ദീർഘം എന്നിങ്ങനെ തരംതിരിക്കുകയും ചെയ്തു. പല തവണ കൂടിച്ചേർന്ന SRG യിൽ ഉരുത്തിരിഞ്ഞവയെല്ലാം ചിട്ടപ്പെടുത്തി തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ PTA Execcutive Committee യിൽ ചർച്ച ചെയ്യുകയും തുടർന്ന് SMC, MPTA യിൽ ചർച്ച - ഈ ഘട്ടങ്ങളിലെല്ലാം മെച്ചപ്പെടുത്തലും കൂട്ടിച്ചേർക്കലും കഴിഞ്ഞ് സൂക്ഷ്മാന്വേഷണത്തിലൂടെ കയും Presentation ന് തയ്യാറാക്കുകയും ചെയ്തു.

# നിലവിലെ അവസ്ഥാ വിശകലനം

## അക്കാദമികം

| ഇനം | നിലവിലുള്ളത് | ആവശ്യമുള്ളത് | നേടിയത് |
|---|---|---|---|
| ക്ലാസ് ലൈബ്രറി | | | - |
| ഇംഗ്ലീഷ് ലാബ് | | ഹൈടെക് ലാബ് | - |
| ഭാഷാ ലാബ് | | വേണം | - |
| ഗണിത ലാബ് | 02 | 03 | . |
| ജൈവവൈവിധ്യ പാർക്ക് | ✓ | | - |
| പച്ചക്കറിത്തോട്ടം | | | - |
| ബ്ലോഗ് | – | ✓ | . |
| വെബ്സൈറ്റ് | – | ✓ | - |
| ഗവേഷണ പ്രവർത്തനങ്ങൾ | ഉണ്ട് | | - |
| വിവിധ ശില്പശാലകൾ | ഉണ്ട് | | - |

Scanned with OKEN Scanner

| | | | |
|---|---|---|---|
| കലാ-കായികം | ചെറിയ നിലയിൽ മാത്രം | സ്ഥല സൗകര്യം പ്രശ്നമാണ് ഇവ ഒരുക്കണം | |
| പത്രം-മാസിക | ഉണ്ട് | | |
| IT പരിശീലനം | ഉണ്ട് | | |
| പ്രവൃത്തിപരിചയം | ഉണ്ട് | ഇനിയും മെച്ചപ്പെടേണ്ടതുണ്ട് | |
| ശാസ്ത്രലാബ് | ഉണ്ട് | സ്ഥല പരിമിതി ഉണ്ട് | |
| IEDC മുറി | ഇല്ല | ഉണ്ടാകണം | |
| Health മുറി | ഉണ്ട് | - | |
| നാടകക്കളരി | ഇല്ല | ഉണ്ടാകണം | |
| കമ്പ്യൂട്ടർ റൂം | - | | |
| സാമൂഹ്യശാസ്ത്ര ലാബ് | ഇല്ല | ഉണ്ടാകണം | |
| കലാപരിശീലന മുറി | ഇല്ല | ഉണ്ടാകണം | |
| ഡ്രാമാ തീയറ്റർ | ഇല്ല | ഉണ്ടാകണം | |
| റീഡിംഗ് റൂം | സ്ഥലപരിമിതി മൂലം നിലവിലില്ല | ഉണ്ടാകണം | |
| ഫുഡ് & ഡൈനിംഗ് റൂം | കുട്ടികൾക്ക് പ്രത്യേകം റൂമില്ല | ഉണ്ടാകണം. | |

Scanned with OKEN Scanner

## വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | കാരണങ്ങൾ |
|---|---|---|---|
| * സാമൂഹികം | * സ്കൂളിലെ 20% ഓളം കുട്ടികൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. ഈ കുട്ടികളുടെ രക്ഷിതാക്കൾ ഉൾപ്പെടുന്ന ഒരു വിഭാഗം രക്ഷിതാക്കളും ലഹരി മരുന്നിന്റെ ഉപഭോക്താക്കളാണ്. കുട്ടികൾക്ക് പഠനത്തിനനുകൂലമായ സാഹചര്യം നഷ്ടപ്പെടുന്നു. | * പഠനപിന്നോക്കാവസ്ഥ<br>* പഠനത്തിൽ താത്പര്യമില്ലായ്മ<br>* പഠന തുടർച്ച ഇല്ലാതാകുന്നു. | |
| | * കുട്ടികളുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾ | * മാതാപിതാക്കൾക്ക് അപ്രതീക്ഷിതമായുണ്ടാകുന്ന അപകടങ്ങൾ, മാരക രോഗങ്ങൾ തുടങ്ങിയവ മൂലം കുട്ടികളുടെ പഠനത്തിൽ വിടവ് സംഭവിക്കുകയും കുട്ടിക്ക് ക്രമേണ പഠനതാത്പര്യം കുറയുകയും ചെയ്യുന്നു. | |

Scanned with OKEN Scanner

| | | | |
|---|---|---|---|
| • മൊബൈൽ ഫോൺ | * മൊബൈൽ ഫോണിന്റെ അമിത ഉപയോഗം | * കുട്ടികളിൽ മാനസിക വൈകാരിക പ്രക്ഷുബ്ധാവസ്ഥ സൃഷ്ടിക്കുന്നു. | |
| • ഭൗതികം | * കളിസ്ഥലവും കളിയുപകരണങ്ങളും<br>* ഭിന്നശേഷി സൗഹൃദാന്തരീക്ഷം<br>* ഭക്ഷണം ഇരുന്ന് കഴിക്കുന്നതിനാവശ്യമായ സൗകര്യം<br>* ഗതാഗത സൗകര്യം | * കുട്ടികൾക്ക് മതിയായ മാനസികോല്ലാസം ലഭിക്കുന്നില്ല.<br>* ശാരീരികക്ഷമതയുള്ള വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കാൻ കഴിയുന്നില്ല | * സ്ഥല പരിമിതി. |

Scanned with OKEN Scanner

## അവസ്ഥാ വിശകലനം – അക്കാദമികം.

കഴിഞ്ഞ മാസ്റ്റർപ്ലാനിൽ ആസൂത്രണം ചെയ്ത 70% ഓളം പദ്ധതികൾ പൂർത്തിയാക്കാൻ സാധിച്ചുവെങ്കിലും എല്ലാ പദ്ധതികളും പൂർണ്ണതയിലെത്തിക്കാൻ സ്കൂളിന് സാധിച്ചിട്ടില്ല. തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും മെച്ചപ്പെടുത്തലുകളും നടത്തിക്കൊണ്ട് നിലവിലെ അവസ്ഥാവിശകലനവും കണക്കിലെടുത്ത് 2025-26 വർഷത്തെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയാണ് സ്കൂളിന്റെ ലക്ഷ്യം.

അവസ്ഥാവിശകലനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ.

- കുട്ടികൾക്ക് വാചികമായി ഭാഷ പ്രയോഗിക്കാനുള്ള കഴിവ് മെച്ചപ്പെടുത്തേണ്ടതുണ്ട്, പ്രത്യേകിച്ച് അന്യഭാഷാപഠനം.
- ലേഖനത്തിലും ഭാഷാപരമായി തെറ്റുകൾ വരുന്നു.
- സർഗ്ഗാത്മകതയിലും ഇനിയും മുന്നോട്ട് വരാനുണ്ട്.
- സംഖ്യാബോധവും ക്രിയാശേഷിയും എല്ലാവരിലും ഉറപ്പിക്കാനായി അധികാധിക പ്രവർത്തനങ്ങൾ ആവശ്യമാണ്.
- സന്ദർഭത്തിനനുസരിച്ച് ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കുവാനും സ്വന്തം ഭാഷയിൽ എഴുതി അവതരിപ്പിക്കുവാനും നിരന്തര പരിശീലനം ആവശ്യമാണ്.

Scanned with OKEN Scanner

## (ഹ്ര)സ്വകാല പ്രവർത്തനങ്ങൾ

### ഞാനും മുന്നോട്ട്

3-ാം സ്റ്റാൻഡേർഡ് മുതൽ 7-ാം സ്റ്റാൻഡേർഡ് വരെയുള്ള മലയാളം മീഡിയം ക്ലാസുകളിലെ കുട്ടികളിൽ മലയാളം വായനയും എഴുത്തും അറിയാത്തവരെ കണ്ടെത്തി അധിക പ്രവർത്തനങ്ങളും പിന്തുണയും നൽകി മുൻനിരയിലെത്തിക്കുക. ഇതേ സ്റ്റാൻഡേർഡുകളിലെ ഇംഗ്ലീഷ് മീഡിയം ക്ലാസുകളിലെ കുട്ടികളിൽ ഇംഗ്ലീഷ് എഴുതാനും വായിക്കാനും അറിയാത്തവരെ കണ്ടെത്തി പ്രവർത്തനങ്ങൾ നൽകി മുൻനിരയിലേക്ക് കൊണ്ടുവരുക.

### To The World Of English.

2022 April 23ന് ലോകപുസ്തകദിനത്തോടനുബന്ധിച്ച് To the World of English ന്റെ പ്രവർത്തനോദ്ഘാടനം Online google meet ലൂടെ നടന്നു. തുടർന്ന് എല്ലാ വർഷവും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വാർഷികാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തു വരുന്നു.

Functions of English ൽ നൈപുണ്യം നേടുക എന്ന ലക്ഷ്യം മുൻനിർത്തി ചെയ്യുന്ന തനത് പ്രവർത്തനം. Communication Skill develop ചെയ്യാൻ Podcast & Audio clip കൾ പരിചയപ്പെടുത്തുന്നു. Vocabulary build ചെയ്യുന്ന പ്രവർത്തനങ്ങൾ Speaking drills, Situational conversation, roleplay, News reporting തുടങ്ങിയവയും പരിശീലിപ്പിക്കുന്നു. Self expressive ആകാൻ ചില പ്രവർത്തനങ്ങൾ. സ്വന്തമായി 1500 sentences എഴുതാൻ പ്രാപ്തരാക്കുന്നു. Puzzles and cross words ചെയ്യിക്കുന്നു. Short stories, poems എഴുതിക്കുന്നു. Hello English Video recreate ചെയ്യിക്കുന്നു

Scanned with OKEN Scanner

കൂടാതെ കുട്ടികളുടെ ചിന്താശേഷി ഉയർത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. English Club രൂപീകരിച്ചു

ശില്പശാലകൾ സംഘടിപ്പിക്കുക.

- കവിത
- ചിത്രരചന
- കഥ
- നാടൻപാട്ട്
- പ്രവൃത്തിപരിചയം
- പഠനോപകരണങ്ങളുടെ നിർമ്മാണം.

## സ്കൂൾ റേഡിയോ

2017 ൽ പ്രവർത്തനം ആരംഭിച്ച സ്കൂൾ റേഡിയോ വ്യത്യസ്തവും വിപുലവുമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ തുടർച്ചയെന്നോണം ഈ അക്കാദമിക വർഷത്തിലും നൂതനമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ജൂൺ മുതൽ ആരംഭിച്ചു. വിനോദവും വിജ്ഞാനവും പ്രദാനം ചെയ്യുന്ന ഇത്തരം പ്രവർത്തനങ്ങൾ സ്കൂളിന്റെ ശ്രദ്ധേയമായ ചുവടുവെയ്പുകളായിരുന്നു. സ്കൂൾ റേഡിയോയിലൂടെ ലഭിക്കുന്ന വിജ്ഞാനപ്രദമായ കാര്യങ്ങളെ അടിസ്ഥാനമാക്കി ഒരു പ്രശ്നോത്തരി എല്ലാ ആഴ്ച്ചയിലും സംഘടിപ്പിക്കുന്നു.

## മാഗസിൻ

ജൂണിൽ തുടങ്ങി നവംബറിൽ അവസാനിക്കുന്ന രീതിയിൽ മാഗസിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. പ്രസ്തുത മാഗസിനിൽ ക്ലാസ്തലത്തിൽ നടക്കുന്ന പഠനപ്രവർത്തനങ്ങളുടെ ഉത്പന്നങ്ങളും കുട്ടികളുടെ സർഗാത്മക രചനകളും രക്ഷകർത്താക്കളുടെ സൃഷ്ടികളും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

Scanned with OKEN Scanner

# ദീർഘകാല പ്രവർത്തനങ്ങൾ

## ലാംഗ്വേജ് ലാബ്

ഹിന്ദി, ഇംഗ്ലീഷ്, ഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്നതിനായി ലാംഗ്വേജ് ലാബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. ശബ്ദങ്ങളിലൂടെയും വാക്കുകളിലൂടെയും ഉച്ചാരണരീതി കേട്ട് മനസ്സിലാക്കി അവ ആവർത്തിച്ചുള്ള പരിശീലനത്തിലൂടെ ഭാഷ സ്വായത്തമാക്കുന്നു.

## ഗണിത ലാബ്

ഗണിതം മധുരമുള്ള അനുഭവമായി മാറുന്നതിനു ഗണിതപഠനം ആസ്വാദ്യകരമാക്കിത്തീർക്കുവാനും ഉതകുന്ന രീതിയിൽ ഗണിത ലാബ് സജ്ജീകരിക്കുക. രസകരവും ലളിതവുമായ പ്രോജക്റ്റുകൾ കുട്ടികൾക്ക് സ്വയം ചെയ്യുവാനുള്ള അവസരം ഒരുക്കുകയും, ഗണിത റെഫറൻസ് ലൈബ്രറി, LCD പ്രൊജക്ടർ എന്നിവയുൾപ്പെടുന്ന ലാബ്സൗകര്യം ഉറപ്പാക്കുക.

## സോഷ്യൽ സയൻസ് ലാബ്

സാമൂഹ്യശാസ്ത്ര പഠനം പ്രവർത്തനാധിഷ്ഠിതവും ലളിതവും സുഗ്രാഹ്യവുമാക്കുന്നതിലേക്കായി സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കുക. വിവിധ വർണ്ണത്തിലെ മോഡലുകളും, അറ്റ്ലസുകളും മറ്റ് ഉപകരണങ്ങളും അധിക വായനയ്ക്കുള്ള പുസ്തകങ്ങളും റെഫറൻസ് ഗ്രന്ഥങ്ങളുമടങ്ങുന്ന ലൈബ്രറിയും ലാബ് പഠന-പ്രവർത്തനങ്ങൾക്ക് സഹായകമാകും വിധത്തിൽ സജ്ജീകരിക്കുക.

## ശാസ്ത്രപാർക്ക്

പ്രൈമറി തലത്തിലെ ശാസ്ത്രാശയങ്ങൾ കോർത്തിണക്കി ശാസ്ത്രപാർക്ക് ക്രമീകരിക്കുക. കുട്ടികളിൽ കൗതുകമുണർത്തുന്ന രീതിയിൽ അവതരിപ്പിക്കുകയും ശാസ്ത്രസത്യങ്ങൾ കുട്ടി സ്വയം കണ്ടെത്തി പഠനത്തിലെത്തുവാൻ സഹായകമാകുന്ന രീതിയിലുള്ള ഉപകരണങ്ങളും നേരറിവുകളും ശാസ്ത്രപഠനം കൂടുതൽ ആസ്വാദ്യകരമാക്കുന്നു.

Scanned with OKEN Scanner

## നാടകക്കളരി

കലോത്സവങ്ങൾ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും അഭിനയത്തിന്റെ ബാലപാഠങ്ങൾ കേട്ടറിഞ്ഞും കണ്ടറിഞ്ഞും പരിശീലിക്കുന്നതിനും സഹായകമായ രീതിയിൽ നാടകക്കളരി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

## ഉണർവ് 2K24.

2024-25 അധ്യയന വർഷം നടപ്പാക്കിയ നൂതന പ്രവർത്തനമാണ് ഉണർവ് 2K24. ഓരോ കുട്ടിയെയും അവന്റെ ജീവിതലക്ഷ്യം ചെറുപ്രായത്തിൽ ഉണർത്താൻ പ്രാപ്തരാക്കുക, ദേശീയ-അന്തർദ്ദേശീയ മത്സരപരീക്ഷകളിലും മറ്റ് മേഖലകളിലും ഉന്നതവിജയം നേടാൻ പ്രാപ്തരായ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക എന്നിവയാണ് ഉണർവ് 2K24 ന്റെ പരമപ്രധാനമായ ലക്ഷ്യങ്ങൾ. ലോകാരോഗ്യ സംഘടന നിഷ്കർഷിക്കുന്ന 10 ജീവിത നൈപുണികളെ അടിസ്ഥാനമാക്കി കുട്ടികൾക്കായി ആസൂത്രണം ചെയ്തിട്ടുള്ള ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നു. വിവിധ വിഷയങ്ങളിൽ വിദഗ്ധർ നയിച്ച ക്ലാസ്സുകൾ ഇതിനോടകം നടന്നു കഴിഞ്ഞു.